**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1320** **11-09-2023 - ൽ മറുപടിയ്ക്ക്**

**പി.യു.കെ.സി. റോഡിന്റെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള പി.യു.കെ.സി. റോഡിന്റെ നിലവിലെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള പി.യു.കെ.സി. റോഡിൽ നിലവിലുള്ള റോഡ് സർഫേസ് റീവ്യൂവലിനായി രണ്ട് റീച്ചായി പ്രവൃത്തികൾക്ക് കരാർ നടപടി പൂർത്തിയായിട്ടുണ്ട്. നിലവിൽ റോഡ് ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി വരുന്നു.** |
| (ബി) | പ്രസ്തുത റോഡ് വികസനത്തിന് നിലവിൽ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | **കിഫ്ബി ഫണ്ടുപയോഗിച്ച് ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള പ്രസ്തുത റോഡിനു വീതികൂട്ടി വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കുകയും പ്രവൃത്തിയുടെ DPR തയ്യാറാക്കി വരികയുമാണ്. ആയതിന്റെ അഡിഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. പി.യു.കെ.സി.റോഡിന്റെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡിന്റെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രോജക്ട് ഡയറക്ടർ, കേരളാ റോഡ് ഫണ്ട് ബോർഡിന് സമർപ്പിക്കുകയും പേരാമ്പ്ര ബൈപ്പാസ് ഡീറ്റയിൽസ് കൂടി ഉൾപ്പെടുത്തി ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിനായി ടോപ്പോ സർവ്വേയും ഇൻവെസ്റ്റിഗേഷനും ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ കോഴിക്കോട് റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലാബിനെ ഏൽപ്പിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചുവരുന്നു.** |
| (സി) | കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡ് പ്രവൃത്തികളുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | **കൊല്ലം നെല്ലിയാടി മേപ്പയൂർ റോഡ് പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 28.10.2023- ൽ ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പെടെ 38.96 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും ലഭിച്ചു. കണ്ടിൻജൻസി ചാർജിനത്തിൽ 12,30,486 രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 6(1)** |

| | | | |
|---|---|---|---|
| | | | **നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ